"ഭരണ ഭാഷ മാതൃഭാഷ"

# കേരള സർക്കാർ

നം-ഡി.സി.1/71/2020/തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം
തീയിതി : 28/03/2020

## സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ - വോളണ്ടിയർമാരുടെ സേവനം - മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 1 24.3.2020 ലെ സ.ഉ.(സാധാ) 710/2020/തഭവ

2 26.03.2020 സ.ഉ.(സാധാ) 713/2020/തഭവ

സൂചന (1) ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ്തലത്തിൽ ഭക്ഷണം മരുന്ന് മറ്റ് അവശ്യ സാധനങ്ങൾ തുടങ്ങിയ വീട്ടുകളിൽ എത്തിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വോളന്റിയർമാരുടെ സേവനം വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ സൂചന (2) ലെ ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി കിച്ചണുകളിൽ നിന്ന് ഭക്ഷണം വീട്ടുകളിലെത്തിക്കുന്നതിന് ഒരു വോളന്റിയർ ടീം രൂപീകരിക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. കോവിഡ് 19 വ്യാപനം തടയുന്നതിന് Break the Chain, സാമൂഹിക അകലം തുടങ്ങിയവ സംബന്ധിച്ച നിബന്ധനകളും ലോക്ഡൗൺ മൂലമുള്ള ഉത്തരവുകളും പാലിക്കേണ്ടതുള്ളതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇപ്രകാരം ഏർപ്പെടുത്തുന്ന വോളന്റിയർമാരുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

1. വോളണ്ടിയർമാരുടെ പ്രവർത്തനം വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി ക്രമീകരിക്കേണ്ടതാണ്.
2. ഓരോരുത്തർക്കുമുള്ള ഉത്തരവാദിത്വങ്ങൾ, പ്രദേശം, ദിവസം, സമയം, ഡ്യൂട്ടി, സ്വഭാവം തുടങ്ങിയവ കൃത്യമായി നിർണ്ണയിച്ച് നൽകേണ്ടതാണ്.
3. ഇതിനനുസൃതമായി മാത്രം പാസ് നൽകേണ്ടതാണ്.
4. അനിവാര്യമായ എണ്ണം പാസുകൾ മാത്രമേ നൽകാവൂ
5. വാളന്റിയർമാർക്ക് ഇനം 2-ൽ സൂചിപ്പിച്ച പ്രകാരം പ്രദേശം, ദിവസം, സമയം, ഡ്യൂട്ടി, സ്വഭാവം എന്നിവ കാണിച്ചാണ് ദിവസേന പാസ് നൽകേണ്ടത്.
6. ഈ പാസ് മറ്റൊരാവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ല എന്ന് വോളണ്ടിയർമാരെ ബോധ്യപ്പെടുത്തേണ്ടതാണ്.

**ആർ.എസ്. കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. സെക്രട്ടറി, ഫുഡ് & സിവിൽ സപ്ലൈസ്
7. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
10. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
11. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
13. എല്ലാ നഗരസഭാ ചെയർമാൻ മാർക്കും സെക്രട്ടറിമാർക്കും
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്